ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) ക്ഷയരോഗം, മലമ്പനി, ടൈഫോയിഡ്, ന്യൂമോണിയാ, മസൂരി.

(ബി) ക്ഷയരോഗപ്രതിരോധത്തിനു് ബി. സി. ജി. കുത്തിവയ്ക്കുന്നുണ്ടു്. ക്ഷയരോഗം പിടിപെട്ടവരെ ആശുപത്രികളിലും ക്ലിനിക്കുകളിലും ചികിത്സിക്കുന്നുണ്ടു്. മലമ്പനി നിവാരണത്തിനു് ഡി. ഡി. റ്റി. തളിക്കുക, മലമ്പനി പിടിപെട്ടവർക്കു് ഔഷധങ്ങളും കൊടുക്കുക മുതലായവ ചെയ്യുന്നുണ്ടു്. മസൂരിരോഗം തടയാൻ ഊർജ്ജിതയജ്ഞമായി ഗോവസൂരിപ്രയോഗവും നടത്തുന്നുണ്ടു്.

മൈനർ ഇറിഗേഷൻ പദ്ധതി.

* 244. [12] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൈനർ ഇറിഗേഷൻ പദ്ധതിയനുസരിച്ചു് എത്ര പഞ്ചായത്തുകളിൽ ജോലികൾ ഈ സാമ്പത്തികവർഷം നടന്നിട്ടുണ്ടു്;

(ബി) എത്ര പഞ്ചായത്തുകളിൽ മൈനർ ഇറിഗേഷൻ പദ്ധതിയനുസരിച്ചു് ജോലി നടക്കാതെയുണ്ടു് ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) മൈനർ ഇറിഗേഷൻ പദ്ധതിയനുസരിച്ചു് ഈ സാമ്പത്തികവർഷത്തിൽ 223 പഞ്ചായത്തുകളിൽ ജോലി നടന്നിട്ടുണ്ടു്.

(ബി) മൈനർ ഇറിഗേഷൻ പദ്ധതിയനുസരിച്ചു് 324 പഞ്ചായത്തുകളിൽ ജോലി നടക്കാതെയുണ്ടു്.

ഭവനനിർമ്മാണപദ്ധതി.

* 245. [14] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്തെല്ലാം തൊഴിലാളിവിഭാഗത്തിൽപ്പെട്ടവർക്കു് ഭവനനിർമ്മാണപദ്ധതിയനുസരിച്ചു് വീടുകൾ പണിയിച്ചു കൊടുക്കുന്നതിനു് ഗവണ്മെൻറ് ഉദ്ദേശിക്കുന്നു;

(ബി) 1954-55-ലും 1955-56-ലും ആകെ എത്ര പേർക്കു് എത്ര വീടുകൾ ഓരോ വിഭാഗത്തിലും പെട്ടവർക്കു് പണിതുകൊടുത്തിട്ടുണ്ടു്;

(സി) സ്വന്തം സ്ഥലമോ വീടോ ഇല്ലാത്ത എം. എൽ. എ. മാർക്കു് ഭവനനിർമ്മാണപദ്ധതിയനുസരിച്ചു് എന്തെങ്കിലും ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനെപ്പറ്റി ആലോചിക്കുമോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഗ്രാമീണകർഷകത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, മുനിസിപ്പൽ ജീവനക്കാർ (തോട്ടികളും, തൂപ്പുകാരും), വ്യവസായത്തൊഴിലാളികൾ, മറ്റിനം തൊഴിലാളികൾ.

LIBRARY ARCHIVES Kerala Legislative Assembly

		ആകെ	വീട്.
(ബി)	ഗ്രാമീണകർഷകത്തൊഴിലാളികൾ	2,46,774	99
	മത്സ്യത്തൊഴിലാളികൾ	1,04,805	32
	മുനിസിപ്പൽ ജീവനക്കാർ	1,58,801	112
	വ്യവസായ തൊഴിലാളികൾ	1,00,087	50
	മറ്റിനം ,,	....	....

(സി) ഇല്ല. സ്വന്തംസ്ഥലമോ, വീടോ ഇല്ലാത്ത എം. എൽ. എ. മാർ ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്നില്ല. എന്നാൽ അവർക്ക് Low Income Group Housing Scheme അനുസരിച്ച് ഗവണ്മെൻറിൽ നിന്നും പണം കടം എടുത്ത് വസ്തുവാങ്ങി വീടുവയ്ക്കാവുന്നതാണ്.

(ഡി) സി–യുടെ ഉത്തരംകൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

അരിയുടെ വില.

* 246. [18] ശ്രീ. ടി. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഡിസംബർ മദ്ധ്യവാരത്തിൽ സംസ്ഥാനത്ത് അരിയുടെ വില കണക്കിലേറെ വർദ്ധിച്ചതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ വിലവർദ്ധനവിന്റെ കാരണം എന്തായിരുന്നു ?

ആഭ്യന്തരകാര്യ മന്ത്രി (ശ്രീ. എ. ജെ. ജാൻ) :

(എ) കഴിഞ്ഞ ഡിസംബർ (1955) മദ്ധ്യവാരത്തിൽ വിശാഖപട്ടണം, ആന്ധ്രാ, തഞ്ചാവൂർ മുതലായ സ്ഥലങ്ങളിൽ നിന്നും സംസ്ഥാനത്തേക്ക് അയച്ചിരുന്ന ചില പ്രത്യേകതരം അരിക്ക് താൽക്കാലികമായി അൽപ്പം വില വർദ്ധിച്ചിരുന്നതു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തഞ്ചാവൂരിലും, മദ്രാസിലെ മറ്റിതര ഡിസ്ട്രിക്ടുകളിലും കഴിഞ്ഞയാണ്ടിൽ അവിചാരിതമായുണ്ടായ കൊടുങ്കാറ്റും, വെള്ളപ്പൊക്കവും മൂലം അവിടങ്ങളിലെ വിളവുകൾ നിശ്ശേഷം നശിക്കുകയും, ചില സ്ഥലങ്ങളിലും റയിൽവേപ്പാളങ്ങൾക്ക് സാരമായ കേടുസംഭവിക്കുകയും ചെയ്തതിന്റെ ഫലമായി തഞ്ചാവൂരിൽനിന്നും സംസ്ഥാനത്തേക്കുള്ള അരി കയറ്റുമതി ഏതാനും ദിവസത്തേക്ക് നിശ്ശേഷം നിലച്ചുപോയി. ഈ അവസരത്തിൽ വിശാഖപട്ടണം, ആന്ധ്രാ മുതലായ സ്ഥലങ്ങളിൽ നിന്നും അരി ഇറക്കുമതി ചെയ്യുന്നതിനു് വേണ്ടത്ര റെയിൽവേ വാഗൺ ലഭിച്ചിരുന്നുമില്ല. മേൽപ്പറഞ്ഞ കാരണങ്ങളാലാണ് അരിക്ക് താൽക്കാലികമായ വിലക്കൂടുതലുണ്ടായതു്.

Anglo-Indians in the Trivandrum Corporation.

* 247. [20] Shri A. A. D. Luiz : Will the Minister for Local Self Government be pleased to state :

whether any Anglo-Indian has been entertained in the Corporation of the City of Trivandrum during the years 1953–54 and 1954–55 ?

LIBRARY ARCHIVES Kerala Legislative Assembly